ESTD:1976

# കാരവൽ

1195 കർക്കിടകം 19, 1441 ദുൽഹജ്ജ് 13, 2020 ആഗസ്റ്റ് 3 തിങ്കൾ

## കോവിഡ് കാലത്തും ഇത് അഭികാമ്യമോ?

**കോ**വിഡ് മഹാമാരി ആശങ്കാജനകമായി തുടർന്നു കൊണ്ടിരിക്കെ പ്രശ്നത്തിൽ നിന്നു ജനശ്രദ്ധ തിരിക്കുന്നതിനു സംസ്ഥാന ഭരണകക്ഷി നീക്കം തുടങ്ങിയിരിക്കുന്നു. രോഗ ഭീഷണിയെ പൊതു ഖജനാവുപയോഗിച്ച് ഇനിയും തടഞ്ഞു നിറുത്താനുള്ള സാമ്പത്തിക പരിമിതികളും അടുത്തു നടക്കാനിക്കുന്ന പഞ്ചായത്ത്-നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയം ഉറപ്പാക്കാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കാനുള്ള മുന്നൊരുക്കവുമാണ് കഴിഞ്ഞ ദിവസം സി.പി.എം സംസ്ഥാന സെക്രട്ടറി അദ്ദേഹത്തിന്റെ പാർട്ടി ജിഹ്വയിലൂടെ നടത്തിയതെന്ന് ആരോപണമുണ്ട്.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സംഘപരിവാർ പ്രവർത്തകനായും അതിന്റെ വക്താവും ഗുണഭോക്താവുമായും ആണ് ആരോപണത്തിലൂടെ ചിത്രീകരിച്ചിട്ടുള്ളത്. ഇതിനെതിരെ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് വി.ടി ബൽറാം എം.എൽ.എയും മറ്റു നേതാക്കളും അതിശക്തമായി പ്രതികരിച്ചു. ഫലത്തിൽ എന്തുദ്ദേശ്യത്തിൽ പാർട്ടി നായകൻ ഈ ആരോപണമുന്നയിച്ചുവോ, അതു പതിന്മടങ്ങു ശക്തിയോടെ ആരോപകനു നേരെ തിരിയുകയും ചെയ്തു.

രാഷ്ട്രീയ പാർട്ടികൾ ആരോപണങ്ങളുടെ സന്തത സഹചാരികളാണ്. എന്നാൽ അത്തരത്തിൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളോട് അവർ നൂറുശതമാനം സത്യസന്ധതയും ആത്മാർത്ഥതയും പുലർത്തേണ്ടതാണ്. അപ്പോൾ മാത്രമേ വിശ്വാസ്യത എടുത്തുകാട്ടാനാവൂ. ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും പറയുന്നത് ഒരു വിവാദമാക്കി അതിൽ നിന്നു വിളവെടുപ്പു നടത്താനുള്ള അവസരമുണ്ടായാലും ആരോപണം സംഘടനാ പരമായ നേട്ടമായി കരുതാനാവുന്നതേയുള്ളൂ. എന്നാൽ ഇക്കാര്യത്തിൽ അതു രണ്ടും സി.പി. എമ്മിനു ലഭിക്കാതെ പോയി. മാത്രമല്ല, ചെന്നിത്തല പറയുന്നതിലും കാര്യമില്ലേ എന്ന തോന്നൽ സി.പി.എം അനുഭാവികൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും ഉണ്ടാകാൻ അതിടയാവുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ആളുമായി ബന്ധപ്പെട്ട ആരോപണമാണ് വിവാദപരമായ രാഷ്ട്രീയ പരാമർശത്തിനിടയായത്. ഈ പ്രശ്നത്തിൽ രാഷ്ട്രീയം കടന്നുകൂടേണ്ട കാര്യമേ ഇല്ല. മുഖ്യമന്ത്രിയുടെ ഓഫീസ് നിയന്ത്രിച്ചിരുന്ന ആളുമായി ബന്ധപ്പെട്ടുണ്ടായ സ്വർണ്ണക്കടത്ത് ആരോപണത്തിൽ മുഖ്യമന്ത്രിക്ക് പങ്കൊന്നുമില്ലെന്നു നിയമപരമായി തെളിയേണ്ടത് ജനങ്ങളുടെ ആവശ്യമാണ്. മുഖ്യമന്ത്രി സി.പി.എം അംഗമാണ്. സി.പി.എമ്മിന്റെ സ്ഥാനാർത്ഥിയായി ത്തന്നെയാണ് അദ്ദേഹം മത്സരിച്ചത്. എന്നാൽ സി.പി.എം അംഗങ്ങളുടെ വോട്ടുകൊണ്ടു മാത്രമല്ല, അദ്ദേഹം വിജയിച്ചതെന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും തിരിച്ചറിഞ്ഞേ തീരൂ. പാർട്ടിയുടെ അംഗമായി മത്സരിച്ചു ജയിച്ചാൽ മുഖ്യമന്ത്രിയാവുന്നതു പാർട്ടിയുടെ മുഖ്യമന്ത്രിയായല്ല. കേരളത്തിന്റെ മുഖ്യമന്ത്രിയായാണ്. ആ ബോധം ജനങ്ങൾക്കുണ്ട്. എന്നാൽ അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും അതേ സമീപനം തുടരുന്നുണ്ടോ എന്ന് വ്യക്തമല്ല. എങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രിയായിത്തന്നെ കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തെ കാണുന്നു, ബഹുമാനിക്കുന്നു.

മുഖ്യമന്ത്രിക്കെതിരെ ആരോപണം ഉയരുമ്പോൾ രാജ്യസുരക്ഷയുമായി ബന്ധമുള്ള ആരോപണത്തിന്റെ നിജ സ്ഥിതി വ്യക്തമാവുന്നതു വരെ മുഖ്യമന്ത്രിസ്ഥാനത്തു നിന്ന് അദ്ദേഹത്തിനു മാറി നിൽക്കാമായിരുന്നു. സി.പി.എം പ്രതിപക്ഷത്താവുകയും ഇതേ സംഭവം ഇത്തരത്തിൽ ഉണ്ടാവുകയും ചെയ്തിരുന്നെങ്കിൽ എന്താകുമായിരുന്നു ഇവിടത്തെ പുകിൽ?

ഒരാൾ നിർണ്ണായകവും പരമ പ്രധാനവും സമകാലികവുമായ ഒരാരോപണം ഉന്നയിക്കുമ്പോൾ അതിനു മറുപടി പറയാതിരിക്കുകയും അതുമായി ബന്ധമൊന്നുമില്ലാത്ത മറ്റൊരാരോപണം ആരോപണ മുന്നയിച്ച ആൾക്കെതിരെ തൊടുത്തു വിട്ട് യഥാർത്ഥ ആരോപണത്തെ മുക്കിക്കളയുകയും ചെയ്യുന്നതു സി.പി.എമ്മിന്റെ സാധാരണ രീതിയാണെന്നതു ജനങ്ങൾ ഇപ്പോൾ തിരിച്ചറിയുന്നുണ്ട്.

കമ്യൂണിസം പറഞ്ഞു കൊണ്ട് ഇനികാലം കഴിക്കാനാവില്ലെന്നു നേതൃത്വം അറിയുന്നുണ്ടെന്ന് അനുമാനിക്കേണ്ടി വരുന്നു. കമ്യൂണിസം ഇപ്പോൾ കമ്യൂണലിസവും ആവശ്യപ്പെടുന്നുണ്ടെന്ന് വിവാദ ആരോപണം സൂചിപ്പിക്കുന്നു. ഇതും ഉന്നയിച്ച ആരോപണത്തിന് എതിരായി മാറുന്നുണ്ട്.

രാഷ്ട്രീയ നേതാക്കന്മാർ പറയുന്നതൊക്കെ വിഴുങ്ങുന്ന അണികളുടെയും അനുഭാവികളുടെയും കാലം രാഷ്ട്രീയ മേഖലയിൽ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ജനങ്ങൾ പ്രസക്തമായ പ്രശ്നങ്ങളും പ്രസക്തമായ ചോദ്യങ്ങളുമാണ് ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. അതിനുള്ള മറുപടിയാണ് ബന്ധപ്പെട്ടവർ നൽകേണ്ടത്.

ഉപായം കൊണ്ട് എത്ര നാളാണ് കഷായം വയ്ക്കുക?

## തിങ്കൾക്കല

**മനുഷ്യൻ സംസ്ക്കാര സമ്പന്നനാകുമ്പോൾ ആചാരാനുഷ്ഠാനങ്ങളും, അതിന് ആധാരമായ വിശ്വാസങ്ങളും മാറുന്നു. അഥവാ, മാറേണ്ടതാണ്. 'ഇവലൂഷൻ ഓഫ് ദ ഐഡിയാ ഓഫ് ഗോഡ്" എന്ന ഗ്രന്ഥത്തിൽ ഗ്രാന്റ് അല്ലൻ" ഈ പരിണാമ ചരിത്രം വിശദീകരിച്ചിട്ടുണ്ട്. ദൈവം എന്ന ആശയം കാല ദേശാന്തരങ്ങളിൽ പരിവർത്തനം ചെയ്യപ്പെട്ടതെങ്ങനെയെല്ലാം എന്ന കഥ. ഭാവനാ വിലാസമല്ല, യഥാർത്ഥ ചരിത്രം.**



നാരായണൻ പേരിയ

# കാലാവലോകനം കാര്യസാധ്യം!

**വി**റകും തീയും ഉണ്ട്; അറുക്കുന്നതിനുള്ള കത്തിയും ഉണ്ട്. ഹോമബലിക്കുള്ള ആട്ടിൻ കുട്ടി എവിടെ?" ഇസ്ഹാക് ചോദിച്ചു.

ഏറെ സ്നേഹിക്കുന്ന പുത്രൻ, ഇസ്ഹാക്കിനെ 'മോദിയാ" ദേശത്തെ മലമുകളിൽ, എനിക്കായി ഹോമിക്കുക' -എന്ന് ദൈവം സ്വപ്നത്തിൽ പറഞ്ഞത് പ്രകാരം അബ്രഹാം പുത്രനെയും കൊണ്ട് രാവിലെ പുറപ്പെട്ടതാണ്. മൂന്നാം ദിവസം ദൈവം കൽപ്പിച്ച മലയിലെത്തി. വിറകുമായി കൂടെ വന്ന ചെറുപ്പക്കാരോട് അവിടെ കാത്തു നിൽക്കാൻ പറഞ്ഞ് മകന്റെ ചുമലിൽ വിറക് കെട്ട് ഏറ്റി വെച്ച് തീയും കത്തിയും എടുത്ത് നടക്കുന്നതിനിടയിൽ ഇസ്ഹാക്ക് ചോദിച്ചതാണ്; ഹോമബലിക്ക് അറുക്കാനുള്ള ആട്ടിൻകുട്ടി എവിടെ?

"സമയമാകുമ്പോൾ ദൈവം നൽകിക്കൊള്ളും" അബ്രഹാം പറഞ്ഞു.

ദൈവം നിശ്ചയിച്ച സ്ഥലത്ത് എത്തി. അബ്രഹാം ബലി പീഠം പണിത് അതിന് മുകളിൽ വിറക് അടുക്കിവെച്ചു. പിന്നെ മകന്റെ കൈകാലുകൾ കെട്ടി വിറകിന് മുകളിൽ പിടിച്ചു കിടത്തി. കഴുത്തറുക്കാൻ കത്തിയെടുത്തു. അസയമത്ത് കർത്താവിന്റെ മാലാഖ ആകാശത്ത് നിന്ന് പറഞ്ഞു: "അബ്രഹാമേ, കുട്ടിയുടെ മേൽ കത്തി വെയ്ക്കരുതേ. നിന്റെ പ്രിയ പുത്രനെ തരുവാൻ നീ ഒട്ടും മടികാണിച്ചില്ല. നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു. അബ്രഹാം മകനെ വിട്ട് തിരിഞ്ഞു നോക്കി. തന്റെ പിന്നിലായി കൊമ്പുകൾ കുറ്റിക്കാട്ടിൽ ഉടക്കിയ നിലയിൽ ഒരു ആൺ കോലാട് നിൽക്കുന്നത് കണ്ടു. അതിനെ പിടിച്ച് അറുത്ത് ഹോമബലിയായി സമർപ്പിച്ചു.

മാലാഖ പറഞ്ഞു. "ഞാൻ അറിയിക്കുന്നത് ദൈവത്തിന്റെ വചനമാണ്. പ്രിയപുത്രനെ ബലിയറുക്കാൻ മടിക്കാത്ത നിന്നെ ദൈവം അനുഗ്രഹിക്കുന്നു. നിന്റെ സന്തതിയെ ഞാൻ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽത്തരികൾപോലെയും വർദ്ധിപ്പിക്കും" അബ്രഹാം മകനെയും കൂട്ടി മടങ്ങി. (വിശുദ്ധ ബൈബിളിലെ ഉൽപത്തി പുസ്തകം-ഇരുപത്തി രണ്ടാം അധ്യായം ഒന്നുമുതൽ 19 വരെ വാക്യങ്ങളുടെ ചുരുക്കം).

അബ്രഹാമും ഭാര്യ 'സാറാ'യും മകൻ ഇസ്ഹാക്കും 'ബോർശേബാ'യിൽ താമസിച്ചു. നൂറ്റി ഇരുപത്തേഴാം വയസ്സിൽ സാറ മരിച്ചു. തദ്ദേശവാസികളോട് അബ്രഹാം പറഞ്ഞു: "ഞാൻ അന്യദേശക്കാരൻ. എന്റെ ഭാര്യ മരിച്ചു കിടക്കുന്നു. അവളുടെ മൃതദേഹം മറവു ചെയ്യാൻ ഇടം തരണം! നാട്ടുകാർ പറഞ്ഞു. ഇവിടെയുള്ള ഏറ്റവും മികച്ച ശവകുടീരത്തിൽ അടക്കിക്കോളൂ. ആരും നിങ്ങളെ തടയുകയില്ല. (ഉൽപ്പത്തി 23-01-19).

ദൈവപ്രീതിക്കായി ബലിയറുക്കാൻ ആട് മൃഗബലി. നരബലിക്ക് പകരം മൃഗബലി.

കാലാന്തരത്തിൽ അതും മാറി. മൃഗവും വേണ്ടാ, "വാസ്തുബലി മതി; ദൈവം പ്രസാദിക്കും. ഗോതമ്പ് മാവ് കൊണ്ടുള്ള അപ്പവും മുന്തിരിങ്ങ വറ്റി ഉണ്ടാക്കുന്ന വീഞ്ഞും ബലിയായി അർപ്പിച്ചാൽ അതും സ്വീകാര്യം. പിൽക്കാലത്ത് അബ്രഹാമിന്റെ സന്തതി പരമ്പരയിൽപ്പെട്ട യേശുക്രിസ്തു മാംസവും രക്തവും എന്ന് പറഞ്ഞ് ദൈവത്തിന് ബലിയായി സമർപ്പിച്ചത് അപ്പവും വീഞ്ഞും ആയിരുന്നുവല്ലോ. (ബൈബിൾ:ലൂക്കോസ്. 20.20 മാർക്കോസ്, മാർക്കോസ്: 14 -22) നൂറ്റാണ്ടുകൾക്ക് ശേഷം ഇന്ത്യയിലെത്തിയ ക്രൈസ്തവർ ആദ്യകാലത്ത് ദിവ്യബലിക്ക് ഉപയോഗിച്ചിരുന്നത് പനചെത്തിയെടുത്ത കള്ളും അരിമാവു കൊണ്ടുള്ള അപ്പവും ആയിരുന്നു. കേരളത്തിൽ അക്കാലത്ത് ഗോതമ്പും മുന്തിരിയും ലഭ്യമായിരുന്നില്ലല്ലോ.

അറേബ്യയിലും ഉണ്ടായി ഒരു സമാന സംഭവം. ഇബ്രാഹിം നബി ബലിയറുക്കാൻ കൊണ്ടു പോയത് പ്രിയ പുത്രൻ ഇസ്മായിലിനെ ആയിരുന്നു. ഭാര്യ ഹാജിറയിൽ പിറന്ന മകൻ ഇസ്മായിൽ. മകനെ അറുക്കാനൊരുങ്ങിയപ്പോൾ ദൈവം തടഞ്ഞു. മകനെ അറുക്കുക എന്ന സ്വപ്ന ദർശനം ഒരു പരീക്ഷ ആയിരുന്നു എന്ന് വിശദീകരിച്ചു. ഏറ്റവും പ്രിയപ്പെട്ട മകനെപ്പോലും ദൈവത്തിന് സമർപ്പിക്കാൻ തയ്യാറായല്ലോ. ഇസ്മായിലിന് പകരം ആടിനെ ബലിയറുത്തു. നരബലിക്ക് പകരം മൃഗബലി. ശൂന: ശ്ശേഫന്റെ കഥയും സമാനമാണ്. വരുണദേവനെ പ്രീതിപ്പെടുത്താനായി ശൂന; ശ്ശേഫൻ എന്ന ബാലനെ അറുക്കാനൊരുങ്ങിയതായിരുന്നു. ശൂന: ശ്ശേഫൻ മകനായിരുന്നില്ല; വില കൊടുത്ത് വാങ്ങിയ കുട്ടി ആയിരുന്നു. മകനു പകരം വാങ്ങിയതാകയാൽ മകൻ തന്നെ എന്ന് ആചാര്യന്മാർ പറഞ്ഞു. യാഗശാലയിൽ; 'യൂപം' എന്ന കുറ്റിയിൽ ബന്ധിച്ച് അറുക്കാൻ തുടങ്ങിയപ്പോൾ, ശൂനഃശ്ശേഫൻ വിശ്വാമിത്ര മഹർഷി ഉപദേശിച്ച വരുണമന്ത്രം ജപിച്ചു. അതോടെ വരുണൻ സന്തുഷ്ടനായി. ശൂനഃശ്ശേഫനെ അഴിച്ചുവിട്ടു. നരബലിക്ക് പകരം മൃഗബലി നടത്തിയില്ല. മൃഗബലി അക്കാലത്ത് നടന്നിരുന്നു: ആടും കുതിരയും മറ്റും. അജമേധം, അശ്വമേധം എന്നിങ്ങനെ. പുരാണങ്ങളിൽ ധാരാളം കഥകൾ.

നരബലിക്കു പകരം മൃഗബലി എന്ന പരിവർത്തനം പിന്നെയും തുടർന്നു. മൃഗം വേണ്ടാ, പറവമതി- വളർത്തു പക്ഷിയായ കോഴി. അതും മാറി: പൂവും പഴങ്ങളും പായസവും ഭക്തിപൂർവ്വം സമർപ്പിച്ചോളൂ; ദൈവം പ്രസാദിക്കും. പത്രം, പുഷ്പം, ഫലം, തോയം" എന്തും ഭക്തിയോടെ അർപ്പിക്കാം എന്ന് ഭഗവാൻ കൃഷ്ണൻ. 'പത്രം' എന്നാൽ ഇല. 'തോയം"- ജലം. തുളസിയില, കൂവളത്തിന്റെ ഇല-ഓരോ ദേവന്റെയും ഇഷ്ടാനുസരണം. പരശുരാമന്റെ വാക്കുകൾ 'കേരള മാഹാത്മ്യ'ത്തിൽ കാണുന്നത് ഇങ്ങനെ: " ഇറച്ചി വേണ്ടും സ്ഥാനത്ത്; കോവ' തന്നുടെ കായ" യെ സമർപ്പിക്കാം എന്ന്. കോവയ്ക്ക നെടുകെ മുറിച്ച് വെയ്ക്കുക. "കൂഷ് മാണ്ഡം" (കുമ്പളങ്ങ) ബലിയർപ്പിക്കാൻ, ബഹുവിശേഷം. ബ്രഹ്മാണ്ഡപുരാണാന്തർഗതം' ആണ് കേരള മാഹാത്മ്യം എന്ന് അവകാശപ്പെടുന്നു.

എല്ലാ കഥകളുടെയും സന്ദേശ സാരം ഒന്നു തന്നെ: മനുഷ്യൻ സംസ്ക്കാര സമ്പന്നനാകുമ്പോൾ ആചാരാനുഷ്ഠാനങ്ങളും, അതിന് ആധാരമായ വിശ്വാസങ്ങളും മാറുന്നു. അഥവാ, മാറേണ്ടതാണ്. 'ഇവലൂഷൻ ഓഫ് ദ ഐഡിയാ ഓഫ് ഗോഡ്" എന്ന ഗ്രന്ഥത്തിൽ ഗ്രാന്റ് അല്ലൻ" ഈ പരിണാമ ചരിത്രം വിശദീകരിച്ചിട്ടുണ്ട്. ദൈവം എന്ന ആശയം കാല ദേശാന്തരങ്ങളിൽ പരിവർത്തനം ചെയ്യപ്പെട്ടതെങ്ങനെയെല്ലാം എന്ന കഥ. ഭാവനാ വിലാസമല്ല, യഥാർത്ഥ ചരിത്രം.

ആരാധനാ രീതികളിൽ മാത്രമല്ല, ശവസംസ്ക്കാര രീതികളിലും മാറ്റങ്ങളുണ്ടായി. വിറക് അടുക്കി വെച്ച് അതിന് മുകളിൽ മൃതശരീരം കിടത്തി മുകളിൽ വീണ്ടും വിറക് അടുക്കി വെച്ച് ചുവട്ടിൽ നിന്ന് തീകൊളുത്തി ദഹിപ്പിക്കുക. ഭൂമിയിൽ നീളത്തിൽ ഒരു കുഴിയുണ്ടാക്കി മൃതശരീരം അതിൽ ഇറക്കിവെച്ച് മുകളിൽ മണ്ണിട്ട് മൂടുക; വെറുതേ കുഴിച്ചിടാതെ, ഒരു മരപ്പെട്ടിയിൽ കിടത്തി അടച്ച് കുഴിയിൽ ഇറക്കി മണ്ണിട്ട് മൂടുക-ഇങ്ങനെ പല രീതികൾ ശവ സംസ്ക്കാരത്തിന്. 'സരതുഷ്ട്ര' അഥവാ, സൊരാഷ്ട്രിയൻ' മതക്കാരുടെ (പാഴ്സികളുടെ)ശവസംസ്ക്കാര രീതി ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ഉയർന്ന ഒരു തറയിൽ (നിശ്ശബ്ദഗോപുരം -സൈലന്റ് ടവർ) മൃതശരീരം പൂർണ്ണ നഗ്നമാക്കി കിടത്തുക; പറവകൾക്ക് ആഹാരമാകട്ടെ - ഇതാണ് പാഴ്സികളുടെ ആചാരം. കാലാന്തരത്തിൽ ഇത് മാറി. ജനത്തിരക്കേറിയ നഗരങ്ങളിൽ ഇത് സൗകര്യപ്പെടുകയില്ലല്ലോ... പാഴ്സികളും ശവം ദഹിപ്പിക്കാൻ തുടങ്ങി. ആധുനിക സാങ്കേതിക വിദ്യകളും പ്രായോഗികതയും കണക്കിലെടുത്തു കൊണ്ടുള്ള മാറ്റങ്ങൾ പിന്നെയും വന്നു. വിറകിന് പകരം ചിരട്ട അടുക്കി വെച്ച് ഒരുലോഹാവരണം കൊണ്ട് മൂടിയശേഷം ചുവട്ടിലെ ദ്വാരങ്ങളിലൂടെ തീ കൊളുത്തുക; ശവം ദഹിപ്പിച്ചു കൊള്ളും. വൈദ്യുത ശ്മശാനമാണ് ആധുനിക രീതി. അന്തരീക്ഷത്തിൽ പുകയോ ദുർഗന്ധമോ വ്യാപിക്കുകയില്ല. ആർക്കും ശല്യമുണ്ടാക്കാതെയുള്ള ശവ സംസ്ക്കാരരീതി.

ഓരോ മതക്കാർക്കും ഓരോ രീതി ശവസംസ്ക്കാരകാര്യത്തിലും. പ്രായോഗികതയും സൗകര്യവും കണക്കിലെടുത്ത് ഇതിലും മാറ്റം വരുത്തേണ്ടതാണ് എന്ന് പറയുന്നു. വെറുതേ പറയുക മാത്രമല്ല, മാതൃകാ പരമായി ചെയ്തുകാണിക്കുകയും ചെയ്യുന്നുണ്ട് പലേടത്തും. ഈ മഹാമാരിക്കാലത്ത് അതിനുള്ള വിവേകവുമുദിക്കണം. കോട്ടയത്ത് ഒരു വയോധികന്റെ ശവസംസ്ക്കാരം സംബന്ധിച്ച് തർക്കമുണ്ടായി. പൊതു ശ്മശാത്തിൽ ശവം ദഹിപ്പിക്കുന്നത് തദ്ദേശവാസികൾ തടയാൻ മുതിർന്നു പോലും! രോഗ സംക്രമണ ഭീതി തന്നെ കാരണം. വേദ പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ള ഭാഗം ശ്രദ്ധിക്കുക. 'സാറ'യുടെ ശവസംസ്ക്കാരത്തിനായി ഇടം ചോദിച്ച അബ്രഹാമിനോട് 'ബോർശേബാ' നിവാസികൾ കാണിച്ച സൗമനസ്യം- "ഇവിടെ ഏറ്റവും മികച്ച ശവകുടീരത്തിൽ അടക്കം ചെയ്തോളൂ. ആരും തടയുകയില്ല" എന്ന് പറഞ്ഞത്(ഉൽപ്പത്തി പുസ്തകം 23-1-9) കോവിഡ് -19 ബാധിച്ചതായി സ്ഥിരീകരിക്കപ്പെട്ട ഒരാളുടെ ശവം സംസ്ക്കരിക്കുമ്പോൾ തദ്ദേശവാസികൾക്ക് രോഗം പകരാനിടയാകുമോ എന്ന ഭയം- അങ്ങനെ സംഭവിക്കുകയില്ല എന്ന് ആരോഗ്യ ശാസ്ത്ര വിദഗ്ദ്ധന്മാർ വിശദീകരിച്ചു കൊടുത്തു. എണ്ണൂറ് ഡിഗ്രി സെൽഷ്യസിൽ ആണ് വൈദ്യുതി ഉപയോഗിച്ച് ദഹിപ്പിക്കുന്നത്. മാരക വൈറസ്സുകളൊന്നും തന്നെ അതിജീവിക്കുകയില്ല. വൈദ്യുത ശ്മശാനം ഇല്ലാത്തേടങ്ങളിൽ ആഴത്തിൽ കുഴിച്ചിടണം. എട്ടടി താഴ്ച്ചയിൽ എന്നാണ് പ്രോട്ടോക്കോൾ നിർദ്ദേശിക്കുന്നത്. ഇവിടെ അതിന്റെ ഇരട്ടിയോളം ആഴത്തിലാണ്- പതിനാറടിയോളം ആഴത്തിൽ- മറവ് ചെയ്യുന്നത് -സുരക്ഷിതത്വം ഉറപ്പാക്കാൻ.

ശവസംസ്ക്കാര്യത്തിൽ മാത്രം പരിമിതപ്പെടുത്തേണ്ടതല്ല ആചാര പരിവർത്തനം. ആരാധനാലയങ്ങളിലെ ചടങ്ങുകളും ആഘോഷങ്ങളും അനുഷ്ഠാനങ്ങളും ആൾത്തിരക്ക് ഒഴിവാക്കി, സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് നടത്തണം. തിരുവനന്തപുരത്ത് ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലും, ഗുരുവായൂരിലും, ശബരിമലയിലും മറ്റും വിശേഷ ദിവസങ്ങളിൽ ക്രമീകരണങ്ങളുണ്ടായി. ക്രിസ്ത്യൻ ചർച്ചുകളിലെയും മോസ്കുകളിലെയും ആരാധനകളും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച്, നിയന്ത്രണങ്ങളോടെ നടക്കുന്നു. വത്തിക്കാനു മെക്കയിലെ വലിയ പള്ളിയും മാതൃക കാണിക്കുന്നു.

അവനവന്റെയും സമൂഹത്തിന്റെയും സുരക്ഷിതത്ത്വം കണക്കിലെടുത്ത് ആരാധനാലയങ്ങളിൽ കർശനമായ നിയന്ത്രണങ്ങൾക്ക് വഴങ്ങുന്നവർ, രാഷ്ട്രീയ- സാമൂഹിക- കൗടുംബിക മേഖലകളിൽ പഴയ ശൈലി തന്നെ തുടരുന്നു. പരിപാവനം, അലംഘനീയം എന്നെല്ലാം വിശ്വസിച്ചാചരിച്ചുപോന്ന ദൈവികമായ ചടങ്ങുകളിൽ മാറ്റത്തിന് തയ്യാറാകുമ്പോഴും രാഷ്ട്രീയ പരിപാടികളിൽ പഴയ മട്ട് തന്നെ. ശീലിച്ചതേ പാലിക്കൂ എന്ന വാശി. ജാഥ, ധർണ്ണ, പ്രസംഗം, ഉച്ചത്തിലുള്ള മുദ്രാവാക്യം വിളി- എല്ലാം രോഗ സംക്രമണത്തിന് ആക്കം കൂട്ടുന്ന ഏർപ്പാടുകൾ. ആൾക്കൂട്ടം പാടില്ല ഒരിടത്തും. അകലം പാലിക്കുക തന്നെ വേണം. തൊട്ടടുത്ത് നിന്ന് ഉറക്കെ സംസാരിക്കരുത്. മൂക്കം വായും പൂർണ്ണമായും അടച്ചുമൂടുന്ന മാസ്ക്, കണ്ഠമാലയായി അണിഞ്ഞാൽ പോരാ. രോഗബാധ പ്രകടമായികാണുന്നില്ലല്ലോ എന്ന് വെച്ച് തൊട്ടടുത്ത് ഇടപഴകുന്നത് ആപൽസാധ്യത കൂട്ടും. ഒരു പക്ഷേ, സുപ്താവസ്ഥയിലുണ്ടായേക്കാം രോഗബാധ. സമീപത്ത് നിന്ന് ഉറക്കെ സംസാരിക്കുമ്പോൾ ഉച്ഛ്വാസവായുവിന്റെ ശക്തമായ ബഹിർഗമനം ഉണ്ടാകും. കൂടാതെ ഉമിനീരും തെറിക്കും. രണ്ടും അങ്ങേയറ്റം ആപൽക്കരം പരസ്പരമുള്ള സൗഹാർദ്ദ പ്രകടനത്തിലും ആപത്തുണ്ട്. അകലെ നിന്ന് കൈകൂപ്പി അഭിവാദ്യം ചെയ്താൽ പോരല്ലോ. ഹലോ, എന്ന് ഉറക്കെ പറഞ്ഞ് കൈപിടിച്ച് കുലുക്കണം. അതും പോരാ, ചിലർക്ക്, മുറുകെ കെട്ടിപ്പുണരുക തന്നെ വേണം പരസ്പര സ്നേഹം പങ്കിടാൻ. അതോടൊപ്പം കൊറോണാ വൈറസ്സും കൂടിയാണ് പങ്കിടുന്നത് എന്നറിയുക. വേണ്ടപ്പെട്ടവരുടെ വീട്ടിലൊരു വിശേഷം നടക്കുമ്പോൾ സംബന്ധിക്കാതിരിക്കുന്നതെങ്ങനെ? തൽക്കാലം അതുവേണ്ടാ; ഫോണിലൂടെ കൈമാറാമല്ലോ മംഗളാശംസകളും ആശിർവാദ വചനങ്ങളും മറ്റും. മരണ വീട്ടിലേയ്ക്കാണെങ്കിൽ, അനുശോചന സന്ദേശം കൈമാറിയാൽപ്പോരേ?

'ശീലിച്ചതേ പാലിക്കൂ' എന്ന കരുതുന്നവർ അറിയുക. വിവേകമില്ലെങ്കിൽ വിനാശം കാലാവലോകനം കാര്യസാധ്യം കാലത്തിന്റെ അവസ്ഥ നോക്കിക്കണ്ട് എല്ലാം മാറണം; മാറ്റണം.




# സ്കൂൾ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ

ഭാഗം നാല്

### അഗ്നി സുരക്ഷ

**അ**ഗ്നിബാധ തടയലും അഗ്നി സുരക്ഷയും സ്കൂളിന്റെ പ്രാഥമിക ആസൂത്രണത്തിൽ തന്നെ പരിഗണിക്കേണ്ട ഘടകങ്ങളാണ്. ഇതിനാവശ്യമായ സജ്ജീകരണങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധന വിധേയമാക്കേണ്ടതും കാര്യക്ഷമമായി പരിപാലിക്കേണ്ടതുമാണ്. തഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുക.

തീ പിടിക്കാൻ സാധ്യതയേറിയതും മറ്റ് അപകടങ്ങൾ ഉണ്ടാക്കാൻ സാധ്യത ഏറിയതുമായ വസ്തുക്കൾ നിയന്ത്രിക്കുകയോ മാറ്റിവയ്ക്കുകയോ ഒഴിവാക്കുകയോ സുരക്ഷിതമായി സൂക്ഷിക്കുകയോ ചെയ്യുക (ആവശ്യവും സാഹചര്യവും അനുസരിച്ച്) വൈദ്യുത ലൈനുകളും ഉപകരണങ്ങളും ഹീറ്റർ സ്റ്റൗ ഗ്യാസ് പൈപ്പ്ലൈനുകളും സിലിണ്ടറുകളും മറ്റും കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കുക.

തീപിടുത്തം പോലെയുള്ള അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട രക്ഷാമാർഗ്ഗങ്ങൾ സുഗമമാണെന്ന് ഉറപ്പുവരുത്തുക.

പുകയുടെ സാന്നിധ്യം കണ്ടുപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണം സ്ഥാപിക്കുകയും അലാറം പ്രവർത്തന സജ്ജം ആണെന്ന് ഉറപ്പാക്കുകയും ചെയ്യുക.

അഗ്നിശമന ഉപകരണങ്ങളും മറ്റ് അഗ്നി സുരക്ഷാ ഉപകരണങ്ങളും കൃത്യമായി പരിപാലിക്കുക.

വൈദ്യുത ശൃംഖല അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുക,

ഉച്ചഭക്ഷണം പാകം ചെയ്യുന്ന അടുക്കളയിൽ തീപിടുത്ത പ്രതിരോധ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക.



### വിദഗ്ദ്ധ പരിശീലനവും നൈപുണ്യ വികസനവും

**സ്**കൂൾ സുരക്ഷാ ആസൂത്രണ രേഖയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്കൂൾ ജീവനക്കാർക്കും പ്രത്യേകം പ്രത്യേകം ചുമതലകൾക്കുള്ള പരിശീലനം നൽകാവുന്നതാണ്. ഉദാഹരണത്തിന് പ്രഥമ ശുശ്രൂഷ തിരച്ചിലും രക്ഷാ പ്രവർത്തനവും.

സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെ ഭാഗമായി സ്കൂളിനെ സുരക്ഷ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയുകയും അവ സ്കൂൾ ദുരന്ത നിവാരണ രേഖയുടെ ഭാഗമാക്കുകയും ചെയ്യുന്നതിനുള്ള പ്രത്യേകമായ പരിശീലനം ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്കൂൾ പ്രിൻസിപ്പലിനും സ്കൂൾ സുരക്ഷയുടെ പ്രത്യേക ചുമതലയുള്ള അധ്യാപകനുമാണ് ഇതിനെ സംബന്ധിച്ചുള്ള പരിശീലനം നൽകേണ്ടത്.

വിദ്യാർത്ഥികൾക്ക് മാനസികവും സാമൂഹികവുമായ പിന്തുണ ഉറപ്പാക്കാൻ വിദ്യാർത്ഥി പ്രതിനിധികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും കൗൺസിലർമാർക്കും ദുരന്ത സമയത്തെ കൗൺസിലിംഗ് മാനസിക ആഘാത ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കേണ്ടതാണ്. എഴുത്ത്, കലാപരിപാടികൾ എന്നിവ വഴിയും പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നത് ദുരന്തങ്ങൾ അഭിമുഖീകരിക്കാനും ദുരന്തങ്ങളുടെ ദൂരവ്യാപക ഫലങ്ങളിൽ നിന്ന് മുക്തിനേടാനും ഉതകും വിധം വഴിയും ഇത് നിർവ്വഹിക്കാം.

ഇവയ്ക്ക് എല്ലാം പ്രാപ്തരാക്കുന്ന വിധം വിദ്യാർത്ഥികളെയും അധ്യാപകരെയും മറ്റ് സ്കൂൾ ജീവനക്കാരെയും പരിശീലിപ്പിക്കേണ്ടത് ആവശ്യം ആണ്.

ഇത്തരത്തിലുള്ള പ്രത്യേകമായ നൈപുണ്യ വികസന പരിശീലനം അതാത് ഘടകങ്ങളിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പരിശീലകരെ ഉൾപ്പെടുത്തി നടത്താവുന്നതാണ്. ഇതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെയും സഹകരണം നേടാവുന്നതാണ്.

(തുടരും)

## സുരക്ഷിത സ്കൂളുകൾക്കായുള്ള പരിശീലനങ്ങൾ

### സ്കൂൾ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമുള്ള പരിശീലനം

**താ**ഴെ പറയുന്ന വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർ ഉൾപ്പെടെയുള്ള സ്കൂൾ ജീവനക്കാർക്കും പരിശീലനം നൽകുന്നത് അഭികാമ്യമായിരിക്കും.

സ്കൂളിനെ ബാധിക്കാൻ സാധ്യതയുള്ള ദുരന്തങ്ങൾ

ദുരന്തത്തിന്റെ മുന്നറിയിപ്പ് സംവിധാനങ്ങൾ, അടിയന്തിര പ്രതിസന്ധി ഘട്ട നിർദ്ദേശങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വിവിധ തലങ്ങളിലുള്ള ദുരന്ത പ്രതികരണവും.

രക്ഷാമാർഗ്ഗങ്ങളെ കുറിച്ചും സുരക്ഷിതമായ ഇടങ്ങളെയും കേന്ദ്രങ്ങളെയും കുറിച്ചുള്ള അറിവ്.

പ്രഥമശുശ്രൂഷ

ദുരന്ത ശേഷം വ്യക്തിപരമായും സാമൂഹ്യപരമായും നൽകേണ്ട കൗൺലിംഗ്.

സ്കൂളിനു മൊത്തമായുള്ള ഒരു സ്കൂൾ സുരക്ഷാ ആസൂത്രമണ രേഖ.

വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ കളികളിലൂടെയും വിവിധ തരം കലാ പരിപാടികളിലൂടെയും നടത്താവുന്നതാണ്.